എം.പി(6)6435/12

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 30.3.2012
Email : keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in

# സർക്കുലർ നമ്പർ:14/2012

വിഷയം: കൊപ്ര സംഭരണം 2012 – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന: 1) ജി.ഒ(എം.എസ്)നം: 22/2012/എ.ഡി തീയതി. 3.2.2012
2) ജി.ഒ(എം.എസ്)നം: 57/2012/എ.ഡി തീയതി. 17.3.2012

2012 വർഷത്തിൽ കൊപ്ര സംഭരണം നടത്തുന്നതിനായി സംസ്ഥാനത്ത് 'കേരഫെഡിനെയും' 'മാർക്കറ്റ് ഫെഡിനേയും' നോഡൽ ഏജൻസികളായി സൂചന 2 പ്രകാരം തെരഞ്ഞെടുത്തിരിക്കുന്നു. 2012 ലെ കൊപ്ര സംഭരണം നടത്തുന്നതിന് 3.09.05 ലെ ജി.ഒ(എം.എസ്) 129/05/എ.ഡി, 22.03.07 ലെ ജി.ഒ (എം.എസ്) 40/07/എ.ഡി, 2.4.07 ലെ ജി.ഒ(എം.എസ്) 48/07/എ.ഡി, 27.4.09 ലെ ജി.ഒ(എം.എസ്) 81/09/എ.ഡി എന്നീ ഗവൺമെന്റ് ഉത്തരവുകളിലെ മാനദണ്ഡങ്ങളും പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൊപ്രാ സംഭരണത്തിനായി തെരഞ്ഞെടുക്കേ സംഘങ്ങളുടെ ലിസ്റ്റ് ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലയിലെ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ആഫീസർ, നാഫെഡിന്റെയും, കേരഫെഡിന്റെയും മാർക്കറ്റ്ഫെഡിന്റെയും പ്രതിനിധികൾ അംഗങ്ങളും ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറുമായ കമ്മറ്റിയാണ് തെരഞ്ഞെടുക്കേണ്ടതെന്നതിനാൽ ഇക്കാര്യത്തിൽ ഇതുവരെയും ടി നടപടികൾ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ഉടൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ ജില്ലയിലെയും തിരഞ്ഞെടുത്ത സംഘങ്ങളുടെ ലിസ്റ്റ് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

2012 ലെ കൊപ്ര സംഭരണം തെരഞ്ഞെടുത്ത സഹകരണ സംഘങ്ങൾ മുഖേന യഥാർത്ഥ കർഷകരിൽ നിന്ന് അവരുടെ നാളികേരം സംഭരിക്കുന്ന തിന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. യൂണിറ്റ് ഇൻസ്പെക്ടർമാർ അവരുടെ യൂണിറ്റിൽ വരുന്ന സഹകരണ സ്ഥാപനങ്ങൾ കൊപ്ര സംഭരണം ആക്ഷേപങ്ങൾക്കിടയില്ലാത്തവിധം സംഭരി ക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും യഥാർത്ഥ നാളികേര കർഷകരിൽ നിന്ന് തന്നെയാണ് സംഘം സംഭരണം നടത്തുന്നതെന്ന് ഉറപ്പുവരു ത്തേണ്ടതും സംഭരിക്കുന്ന കൊപ്രയുടെ ഗുണമേന്മയും സ്റ്റോക്കും ഇട യ്ക്കിടെ പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്. കൊപ്ര സംഭരണത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഉടൻ തന്നെ ബന്ധ പ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ /ജോയിന്റ് രജിസ്ട്രാർമാരുടെ ശ്രദ്ധയിൽ രേഖാ മൂലം കൊ ുവരേണ്ടതാണ്.

കൊപ്ര സംഭരണത്തിന്റെ പുരോഗതി യഥാസമയം വിലയിരു ത്തേണ്ടതും ഓരോ ആഴ്ച്ചയിലേയും സംഭരണത്തെ സംബന്ധിച്ച പുരോ ഗതി നിർദ്ദിഷ്ട പ്രൊഫോർമയിൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്. കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട പ്രവർത്തന ങ്ങൾ ഏകോപിപ്പിക്കുന്നതിന് താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ ആഫീസ് ഇൻസ്പെക്ടറേയും, ജില്ലാ തലത്തിൽ ജോയിന്റ് രജി സ്ട്രാർ ആഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്) നെ നോഡൽ ഓഫീ സറായും ചുതലപ്പെടുത്തുന്നു.

സംസ്ഥാനത്തിലെ കേര കർഷകർക്ക് ആശ്വാസകരമായ ഒരു സംരംഭ മെന്ന നിലയിൽ സഹകരണ സംഘങ്ങൾ മുഖേന നടത്തുന്ന സംഭരണത്തിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർ ശ്രദ്ധ പുലർത്തേണ്ടതും, പരാതികൾ/ആക്ഷേപ ങ്ങൾ ക്കിടയില്ലാതെ സമയബന്ധിതമായി സംഭരണം നടത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. 2012 ലെ കൊപ്രാ സംഭരണവുമായി ബന്ധപ്പെട്ട് അതാത് ജില്ലയിൽ രൂപീകരിച്ച മോണിറ്ററിംഗ് കമ്മറ്റിയുടെ തീരുമാനങ്ങളും തുടർന്ന് ജില്ലയിലെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ടും

അതാത് ജോയിന്റ് രജിസ്ട്രാർമാർ ഉടൻ ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കൊപ്രാ സംഭരണവുമായി ബന്ധപ്പെട്ട് സംശയ നിവാരണങ്ങൾ മറ്റു കാര്യങ്ങൾ എന്നിവക്കായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ മാർക്കറ്റിംഗ് വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ, കേരഫെഡ്/മാർക്കറ്റ്ഫെഡ് ന്റെ കേന്ദ്ര ആഫീസുകളിലെ ചുവടെ നൽകുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

**അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ (മാർക്കറ്റിംഗ്) - 0471-2330825, 2334620**

**കേരഫെഡ്-0471-2320504, 2320504**

**മാർക്കറ്റ്ഫെഡ്- 0484-2203880, 2204319**

കൊപ്രാ സംഭരണവുമായി ബന്ധപ്പെട്ട ജോലി നിർവ്വഹിക്കുന്നതിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരുടെയും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെയും അടിയന്തിര ശ്രദ്ധ അത്യന്താപേക്ഷിതമാണെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ & ആഡിറ്റ്)
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും (ജനറൽ & ആഡിറ്റ്)
3. മാനേജിംഗ് ഡയറക്ടർ, കേരഫെഡ്, വെള്ളയമ്പലം
4. എഡിറ്റർ, സഹകരണ വീഥി
5. എഡിറ്റർ, സഹകരണ ജേർണൽ
6. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
7. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ എന്നിവരുടെ മേശപ്പുറത്ത്
8. എല്ലാ സെക്ഷൻ തലവൻമാർക്കും
9. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (എം.പി)